കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്- കുടിവെള്ള പദ്ധതി പ്രവൃത്തികളുടെ തുക - ഡെപ്പോസിറ്റ് ചെയ്യുന്ന സമയ പരിധി ഒഴിവാക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 1416/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22.05.2018

വായന :- 1. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.02.2018-ലെ A2-2642/17-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018-ലെ പ്രത്യേക വിഷയ തീരുമാനം നം. 4.55

ഉത്തരവ്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി 7 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉണ്ടെന്നും ഇവയ്ക്ക് 23.01.2018 നാണ് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതെന്നും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.12.2017-ലെ യോഗ തീരുമാനപ്രകാരം പ്രവൃത്തികളുടെ തുക 31.12.2017 നകം ബന്ധപ്പെട്ട വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും 31.12.2017 എന്ന സമയ പരിധി ഒഴിവാക്കി നൽകണമെന്നും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 21.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.55 നമ്പർ തീരുമാനപ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിയിലെ പ്രവൃത്തികളുടെ തുക 31.12.2017 നകം ബന്ധപ്പെട്ട വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യണമെന്ന നിർദ്ദേശം ഒഴിവാക്കി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
പ്രസിഡണ്ട്/സെക്രട്ടറി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്, വയനാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ